കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - കോങ്ങാട് നിയോജകമണ്ഡലം-വിവിധ പഞ്ചായത്തുകളിലെ സർക്കാർ സ്കൂളുകളിൽ വിദ്യാവികാസ് പദ്ധതി പ്രകാരം സ്കൂളുകളുടെ സാങ്കേതിക നിലവാരം ഉയർത്തൽ എന്ന പ്രവൃത്തി - സിൽക്ക് മുഖേന നടപ്പാക്കിയ നടപടി - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.274 /19/തസ്വഭവ തിരുവനന്തപുരം, തീയതി, 08.02.2019

---

പരാമർശം :- 1. 27-12-2017 ലെ സർക്കാർ ഉത്തരവ് (സാധാ.)നം.4177/2017/തസ്വഭവ

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11/12/2018 ലെ ഡിബി3/7789/2018/സിഇ/തസ്വഭവ നം. കത്ത്

**ഉത്തരവ്**

കോങ്ങാട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.വി.വിജയദാസ് എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും കോങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ സർക്കാർ സ്കൂളുകളിൽ വിദ്യാവികാസ് പദ്ധതി പ്രകാരം സ്കൂളുകളുടെ സാങ്കേതിക നിലവാരം ഉയർത്തൽ എന്ന പ്രവൃത്തിയ്ക്ക് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (സിൽക്ക്) തയ്യാറാക്കിയ എസ്റ്റിമേറ്റിൻ പ്രകാരം ആകെ 50 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശ സർക്കാർ ഉത്തരവ് പ്രകാരം നല്കിയിരുന്നു. എന്നാൽ പ്രവൃത്തി നടപ്പാക്കേണ്ടത് സിൽക്ക് ആണെന്ന് പരാമർശ ഉത്തരവിൽ രേഖപ്പെടുത്താത്തതിനാൽ ഫൈനൽ ബിൽ നൽകുന്നതിന് തടസ്സമുണ്ടെന്നും പ്രവൃത്തി സിൽക്ക് മുഖേന നടപ്പാക്കിയതിനാലും ടി പ്രവൃത്തി പൂർത്തീകരിച്ചതിനാലും ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകുന്നതിന് ടി പ്രവൃത്തി സിൽക്ക് മുഖേന നടപ്പാക്കിയ നടപടി സാധൂകരിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ കോങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ സർക്കാർ സ്കൂളുകളിൽ വിദ്യാവികാസ് പദ്ധതി പ്രകാരം സ്കൂളുകളുടെ സാങ്കേതിക നിലവാരം ഉയർത്തൽ എന്ന പദ്ധതി സിൽക്ക് മുഖേന നടപ്പാക്കിയതിനാലും ടി പ്രവൃത്തി പൂർത്തീകരിച്ചതിനാലും സിൽക്ക് മുഖേന നടപ്പാക്കിയ മേൽ പ്രവൃത്തി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/424/2018/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ